പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ-4196 21/07/2015 -ൽ മറുപടിക്ക്

**സംയോജിത നീർത്തട പരിപാലന പരിപാടി**

ചോദ്യം

ശ്രീ.അൻവർ സാദത്ത്
ശ്രീ. വി.റ്റി.ബൽറാം
ശ്രീ.ആർ.സെൽവരാജ്
ശ്രീ.വി.ഡി.സതീശൻ

മറുപടി

ശ്രീ.കെ.പി.മോഹനൻ
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി.

| | | | |
|---|---|---|---|
| എ) | സംയോജിത നീർത്തട പരിപാലന പരിപാടി നടപ്പാക്കലിന് രൂപം നൽകിയിട്ടുണ്ടോ ; | എ) | കേരളത്തിൽ ഗ്രാമവികസന വകുപ്പ് മുഖേന 2009-2010 സാമ്പത്തിക വർഷം മുതൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത നീർത്തട പരിപാലന പരിപാടി നടപ്പിലാക്കി വരുന്നു. ഇതുവരെ 83 പ്രോജക്ടുകളിലായി 4.27 ലക്ഷം ഹെക്ടർ പ്രദേശത്ത് 581.61 കോടി രൂപയുടെ നീർത്തട പരിപാലന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിന് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. |
| ബി) | എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | ബി) | മണ്ണും ജലവും ജൈവസമ്പത്തും തമ്മിൽ ഉണ്ടാകേണ്ട സ്വാഭാവിക ജൈവബന്ധം നിലനിർത്തുന്ന തിനാവശ്യമായ പ്രവർത്തനങ്ങൾ ക്രമാനു ഗതമായും , ശാസ്ത്രീയമായും നടപ്പിലാക്കുകയും മണ്ണിലെ ജൈവസന്തുലിതാവസ്ഥ നിലനിർ ത്തുകയും നീർത്തട പ്രദേശത്തെ ജലലഭ്യത ഉറപ്പുവരുത്തുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിലൂടെ കാർഷിക – അനുബന്ധ മേഖലകളിൽ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗ്രാമീണ ജനതയുടെ വരുമാന സ്രോതസ്സ് വിപുലമാക്കുന്നതിനും ലക്ഷ്യമിടുന്നു. |

| | | | |
|---|---|---|---|
| സി) | ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ; | സി) | കേരളത്തിൽ ഗ്രാമവികസന വകുപ്പാണ് പദ്ധതിയുടെ ഏകോപനം നിർവഹിക്കുന്നത്. ബ്ളോക്ക് പഞ്ചായത്തുകളെ പദ്ധതി നിർവഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പദ്ധതി നടത്തിപ്പിന്റെ വിവിധ ഘട്ടങ്ങളിൽ ജലവിഭവ വകുപ്പ്, കൃഷി വകുപ്പ്, മണ്ണുപര്യവേക്ഷണ-മണ്ണു സംരക്ഷണ വകുപ്പ് , ഭൂഗർഭ ജലവകുപ്പ്, ഭൂവിനിയോഗ ബോർഡ്, മൃഗസംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ്, ഫിഷറീസ് വകുപ്പ് തുടങ്ങിയ വകുപ്പുകളും സഹകരിക്കുന്നുണ്ട്. |
| ഡി) | പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്. ? | ഡി) | പദ്ധതി നടത്തിപ്പിനായി സംസ്ഥാന തലത്തിൽ സ്റ്റേറ്റ് ലവൽ നോഡൽ ഏജൻസിയും ജില്ലാ തലത്തിൽ വാട്ടർ ഷെഡ് സെൽ കം ഡേറ്റാ സെന്ററും രൂപീകരിച്ചിട്ടുണ്ട്. പ്രോജക്റ്റ് തലത്തിൽ ബ്ളോക്ക് പഞ്ചായത്ത് തലങ്ങളിൽ പദ്ധതി നടപ്പിലാക്കിവരുന്നു. സംസ്ഥാന-ജില്ലാ-ബ്ളോക്ക് തലങ്ങളിൽ പദ്ധതി നടത്തിപ്പിന് സാങ്കേതിക സഹായം നൽകുന്നതിനായി വിവിധ മേഖലകളിൽ വൈദഗ്ധ്യം നേടിയവരുടെ സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ